**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## കീം-2026
## ഗൾഫ് രാജ്യങ്ങളിലെ എൻജിനീയറിങ്/ഫാർമസി പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ മാറ്റാൻ അവസരം.

പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് യുഎഇ (ഷാർജ) പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്ത നിരവധി കീം (KEAM) അപേക്ഷകർ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഷാർജ (യുഎഇ), കുവൈറ്റ്, ബഹ്റൈൻ എന്നിവിടങ്ങളിൽ കീം പരീക്ഷാ കേന്ദ്രങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ പുതുക്കിയ പരീക്ഷാ കേന്ദ്രങ്ങൾ തെരെഞ്ഞെടുക്കുന്നതിന് കീം-2026 പോർട്ടൽ സജ്ജമാക്കിയിരിക്കുന്നു.

<u>ആർക്കൊക്കെ ഈ സൗകര്യം ഉപയോഗപ്പെടുത്താം</u>

1. **കേരളത്തിലെ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം:** യുഎഇ (ഷാർജ) പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവരും നിലവിൽ കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ബുദ്ധിമുട്ട് നേരിടുന്നവർക്കും ആവശ്യമെങ്കിൽ കേരളത്തിലെ ഏതെങ്കിലും പരീക്ഷാ കേന്ദ്രം തിരഞ്ഞെടുക്കാവുന്നതാണ്.

2. **ഗൾഫ് കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം:** കേരളം പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ നിലവിൽ ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വരുന്നതിനു ബുദ്ധിമുട്ടുകൾ നേരിടുന്നു എങ്കിൽ ഗൾഫ് രാജ്യങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

3. **കുവൈറ്റിലേക്ക് മാറാനുള്ള അവസരം:** യുഎഇ (ഷാർജ) പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർക്ക് കുവൈറ്റ് പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുക്കാൻ താല്പര്യമുണ്ടെങ്കിൽ ആയതിനുള്ള അവസരമുണ്ട്.

4. **ബഹ്റൈനിലേക്ക് മാറാനുള്ള അവസരം:** യുഎഇ (ഷാർജ) പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർക്ക് ബഹ്റൈൻ പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുക്കാൻ താല്പര്യമുണ്ടെങ്കിൽ ആയതിനുള്ള അവസരമുണ്ട്.

സമർപ്പിച്ച അപേക്ഷകളിൽ എൻജിനീയറിങ്/ഫാർമസി പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ മാറ്റുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in-ൽ 04.04.2026 മുതൽ 07.04.2026 ഉച്ചയ്ക്ക് 1.00 മണി വരെ** ലഭ്യമായിരിക്കും.

## <u>പരീക്ഷ കേന്ദ്രങ്ങൾ മാറ്റുന്ന വിധം:</u>

1. **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2026-Application'** എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിക്കുക.

2. അവിടെയുള്ള **'Change Centre'** എന്ന മെനു ക്ലിക്ക് ചെയ്ത് പരീക്ഷാ കേന്ദ്രം തിരഞ്ഞെടുക്കാനും മാറ്റം

വരുത്താനും സാധിക്കും.

**<u>ശ്രദ്ധിക്കുക:</u>** പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അവസാന തീയതി ഒരു കാരണവശാലും നീട്ടി നൽകുന്നതല്ല. അതിനാൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ അപേക്ഷകർ അതീവ ശ്രദ്ധയോടെ ഈ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

**<u>അപേക്ഷാ ഫീസ്:</u>** പരീക്ഷാ കേന്ദ്രം മാറ്റുന്നതുമായി ബന്ധപ്പെട്ട് അധികമായി അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ, ആയത് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം **07.04.2026, 01:00 PM (IST)** വരെ ലഭ്യമായിരിക്കും.

കീം പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിറ്റ് കാർഡുകൾ 08.04.2026 മുതൽ ഡൌൺലോഡ് ചെയ്യെടുക്കാവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 2332120, 2338487**

Digitally signed by
ARUN S NAIR
Date: 04-04-2026
17:31:30

തിരുവനന്തപുരം
04-04-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**